മലയാള മനോരമ
ESTABLISHED 1888
23 August 2017

# കർഷകരുടെ വരുമാനം ഇരട്ടി; പദ്ധതി പ്രഖ്യാപനം നാളെ

## 2022ൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്ന പദ്ധതികൾ

കൊച്ചി • കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ജില്ലാതല വികസന പദ്ധതികൾ നാളെ പ്രഖ്യാപിക്കും. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ചടങ്ങിൽ 2022ന് എല്ലാത്തരം കർഷകരുടെയും വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ഏഴിന പദ്ധതികളാണു പ്രഖ്യാപിക്കുന്നത്. അടിസ്ഥാന സൗകര്യവികസനം, ജൈവകൃഷി, ഗുണനിലവാരമുള്ള വിത്തുകൾ, വിപണനം, മൂല്യവർധിത ഉൽപന്നം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാണു പദ്ധതികൾ. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നവഭാരത പ്രസ്ഥാനം 2017-22 പദ്ധതിയുടെ ജില്ലാതല പരിപാടിയാണിത്.

## സൗജന്യ വിത്ത് വിതരണം

• 'സ്വന്തം കൃഷി: സുരക്ഷിത ഭക്ഷ്യോൽപാദനം' എന്ന വിഷയത്തിൽ നടക്കുന്ന കർഷക-ശാസ്ത്രജ്ഞ മുഖാമുഖത്തിൽ ജൈവപച്ചക്കറി കൃഷി, മുട്ടയുൽപാദനം, മൃഗസംരക്ഷണം, ഇറച്ചി ഉൽപാദനം, മൽസ്യക്കൃഷി, മണ്ണ് പരിപാലനം, ജൈവ വളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉൽപാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകും.

പങ്കെടുക്കുന്ന കർഷകർക്ക് വിത്തുകളുടെ സൗജന്യ കിറ്റ് സമ്മാനിക്കും. താൽപര്യമുള്ള കർഷകർ 8281757450 എന്ന നമ്പരിൽ ഇന്ന് അഞ്ചിനു മുൻപ് റജിസ്റ്റർ ചെയ്യണം.